**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **06-07-2022 - ൽ മറുപടിയ്ക്ക്**

**വാക്സിനേഷൻ സ്വീകരിച്ചതിനെ തുടർന്നുള്ള മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് -19 ആദ്യ ഡോസ് വാക്സിൻ എടുത്തതിനെ തുടർന്ന് കുറ്റിപ്പുറം തോണിക്കടവത്ത് വീട്ടിൽ പി.വി. അസ്ന മരണപ്പെട്ടതുമായി ബന്ധപ്പെട്ട് രൂപീകരിച്ച അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ടിൻമേൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ടോ; | (എ) | കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും നാളിതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | അന്വേഷണ സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ പാർശ്വഫലം മൂലം മരണം സംഭവിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച ഹർജികൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |
| (സി) | ടിയാളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; ടിയാളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുമോ; | (സി) | സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ പാർശ്വഫലം മൂലം മരണം സംഭവിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച ഹർജികൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എടുത്തത്തിനെ തുടർന്നു മരണപ്പെട്ടത് സംബന്ധിച്ച എത്ര പരാതികൾ നാളിതുവരെ സർക്കാരിൽ ലഭിച്ചിട്ടുണ്ട്; | (ഡി) | സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എടുത്തത്തിനെ തുടർന്നു മരണപ്പെട്ടത് സംബന്ധിച്ച് നാളിതുവരെ 12 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇപ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ? | (ഇ) | കോവിഡ് വാക്സിനേഷൻ എടുത്തതിനെ തുടർന്നു മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 11 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ